**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **13-09-2023 - ൽ മറുപടിയ്ക്ക്**

**മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തിക പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതോടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിയ്ക്കേണ്ടതിനാൽ പ്രൊവിഷണലായി നിയമിച്ചിരുന്ന മുനിസിപ്പൽ സെക്രട്ടറിമാർക്ക് മാതൃവകുപ്പിലേയ്ക്ക് മാറ്റം ഉണ്ടാകുമോ; വിശദമാക്കാമോ; | (എ) | നേരിട്ടുള്ള നിയമനം/ ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ല.ടി തസ്തികയിലേക്ക് യോഗ്യരായവരുടെ ലിസ്റ്റ് നിലവിൽ വരുന്ന മുറക്ക് പ്രൊവിഷണലായി നിയമിച്ച മുനിസിപ്പൽ സെക്രട്ടറിമാരെ മാതൃ വകുപ്പിലേക്ക് മടക്കി അയയ്ക്കുന്നതാണ്. |
| (ബി) | മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലേയ്ക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; എത്ര തസ്തികകളാണ് 60:40 അനുപാത പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നീക്കി വെച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഇല്ല. നിലവിലെ സ്പെഷ്യൽ റൂളിൽ ഓരോ തസ്തികയിലേയും മുൻപുള്ള അനുപാതം, വകുപ്പിലെ അവസാനത്തെ വ്യക്തിക്ക് റൂൾ 12 ലെ ഉപ ചട്ടങ്ങൾ (1), (2) എന്നിവയ്ക്ക് വിധേയമായി സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെ തുടരും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (Existing ratio prior to the commencement of these rules will continue till the last person in the above Departments at the time of commencement of these Rules is promoted subject to sub- rules (1) and (2) of Rule 12). 60:40 അനുപാത പ്രകാരം നേരിട്ടുള്ള നിയമനത്തിനായി തസ്തിക നീക്കിവയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ